# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 506 29.01.2019 -ൽ മറുപടിക്ക്

## ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് മാർജിൻ മണി വായ്പാ കുടിശ്ശിക

ചോദ്യം

ശ്രീ. ഡി.കെ. മുരളി

ഉത്തരം

ശ്രീ. ഇ.പി. ജയരാജൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| എ) | വ്യവസായ വകുപ്പിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ച മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചു തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുവാൻ ആലോചിക്കുന്നുണ്ടോ; | എ) & ബി) | മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചു തീർക്കുന്നതിലേക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. സ.ഉ.(സാധാ)നം.459/17/ID Dated 24/03/2017 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാറ്റഗറി I പ്രകാരം, വായ്പക്കാരൻ മരിച്ച് പോയിട്ടുള്ളതും, യൂണിറ്റ് പ്രവർത്തനരഹിതവും വ്യവസായ ആസ്തികൾ നിലവിലില്ലാത്തതുമായ കേസുകൾ, വായ്പാ കാലാവധി കഴിയാൻ കാത്തു നിൽക്കാതെ കുടിശിക തുക പൂർണ്ണമായും എഴുതിത്തള്ളാവുന്നതാണ്. കാറ്റഗറി II പ്രകാരം റവന്യൂ റിക്കവറി നടപടിയ്ക്ക് വിട്ട കേസുകൾ യൂണിറ്റ് പ്രവർത്തന രഹിതമായതും. വ്യവസായ ആസ്തികൾ അവശേഷിക്കാത്തതുമായ കേസുകൾ എന്നിവയിൽ വായ്പ അനുവദിച്ച തീയതിമുതൽ ഒറ്റത്തവണ തീർപ്പാക്കൽ അപേക്ഷയുടെ തീയതിവരെയുള്ള കാലയളവിലേക്ക് മുതൽ തുകയും, 6% പലിശയും ഉൾപ്പെട്ട തുക കണക്കാക്കി, പ്രസ്തുത തുകയിൽ നിന്നും നാളിതുവരെ അടച്ച തുക കുറച്ച് കിട്ടുന്ന സംഖ്യ കുടിശിക തുകയായി കണക്കാക്കുകയും ടി തുക അപേക്ഷ തീയതി മുതൽ ഒരുവർഷത്തിനകം മൂന്ന് ഗഡുക്കളായി അടയ്ക്കാവുന്നതുമാണ്. പിഴ പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | | |
| സി) | ഇല്ലെങ്കിൽ അത്തരം പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ